KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.102/PR/PIC/PHQ/18 Date : 23.04.2018

## പി.ആർ.ഒ.സംവിധാനം ഫലപ്രദമാക്കണം - സംസ്ഥാന പോലീസ് മേധാവി

പരാതികൾ നല്കാനും, വിവരങ്ങൾ അന്വേഷിക്കുന്നതിനും മറ്റു വിവിധ സേവനങ്ങൾക്കുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങളെ സ്വീകരിക്കുന്നതിനു പോലീസ് സ്റ്റേഷനുകളിൽ രൂപം നല്കിയ പി.ആർ.ഒ.സംവിധാനം കൂടുതൽ ഫലപ്രദമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശിച്ചു. നിലവിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ. ചുമതലകൾക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഇത് വേണ്ടത്ര കാര്യക്ഷമമായിട്ടില്ല. പി.ആർ.ഒ.മാർക്ക് മറ്റു ചുമതലകൾ കൂടി ചെയ്യേണ്ടി വരുന്നതാണ് ഇതിന് പ്രധാന കാരണം. ഇത് ഒഴിവാക്കണമെന്നും അങ്ങേയറ്റം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ മേലുദ്യോഗസ്ഥരുടെ അനുമതിയോടെ മാത്രമേ പി.ആർ.ഒ.മാരെ മറ്റു ഡ്യൂട്ടികൾക്ക് നിയോഗിക്കുവാൻ പാടുള്ളു എന്നും പോലീസ് മേധാവി നിർദ്ദേശിച്ചു. തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ നടക്കുന്ന പി.ആർ.ഒ മാർക്കുള്ള പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിശീനത്തിന്റെ ആദ്യ ദിനത്തിൽ (23.4.18) തിരുവനന്തപുരം, എറണാകുളം റേയിഞ്ചുകളിൽ നിന്നുള്ള പി.ആർ.ഒ.മാരാണ് പങ്കെടുത്തത്. ട്രെയിനിംഗ് എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ, പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ കെ.സേതുരാമൻ, ഡി.സി.പി ജയദേവ്, കേരള രാജ്ഭവൻ പി.ആർ.ഒ. എസ്.ഡി.പ്രിൻസ്, പോലീസ് ആസ്ഥാനം പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ പി.എസ്. രാജശേഖരൻ, പ്രൊഫ. ജോർജ്ജ് കൊട്ടാരത്തിൽ, തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുത്തു. തൃശ്ശൂർ, കണ്ണൂർ റെയിഞ്ചുകളിലെ പി.ആർ.ഒ.മാർക്കുള്ള പരിശീലനം നാളെ തുടരും.

*******************************************